ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 286-ാം ദിവസം

ബ്രഹ്മസ്വം ദുരനുജ്ഞാതം ഭുക്തം ഹന്തി ത്രി പൂരുഷം
പ്രസഹ്യ തു ബലാത് ഭുക്തം ദശ പൂർവ്വാൻ ദശാപരാൻ (10-64-35)
യഥാഹം പ്രണമേ വിപ്രാനനുകാലം സമാഹിത:
തഥാ നമത യൂയം ചയോ$f$ന്യഥാ മേ സ ദണ്ഡഭാക് (10-64-42)

*ശുകമുനി തുടർന്നു:*
ഒരു ദിവസം കൃഷ്ണൻെറ പുത്രൻമാരും മറ്റുള്ളവരും ഒരുദ്യാനത്തിൽ കളിച്ചു രസിക്കുന്ന സമയം അവർ ദാഹം തീർക്കാനായി ഒരു കിണറ്റിൻകരയിലേക്ക് പോയി. അതിൽ അതികായനായൊരോന്തിനെ കണ്ടു. അതിശയപ്പെട്ട് അവർ കാര്യം കൃഷ്ണനോട് പറഞ്ഞു. നേരിട്ടന്വേഷിക്കാൻ ഭഗവാൻ ഉദ്യാനത്തിലെത്തി. കൃഷ്ണൻെറ സ്പർശനമാത്രയിൽ ഓന്ത് തൻെറ രൂപം മാറി സുന്ദരനായ ഒരു രാജകുമാരനായി മാറി. കൃഷ്ണൻ അയാളെ ചോദ്യം ചെയ്തു. രാജകുമാരൻ പറഞ്ഞു. "ഞാൻ നൃഗൻ എന്ന് പേരായ ഒരു രാജാവായിരുന്നു. ഇഷ്വാകുവിൻെറ പുത്രൻ. ദാനധർമ്മകാര്യങ്ങളിൽ ഞാൻ അതീവ പ്രശസ്തനായിരുന്നു. എൻെറ ദീനദയാലുത്വവും അതിരറ്റതായിരുന്നു. ഭൂമിയിലുള്ള മൺതരികളുടെയത്രയെണ്ണം പശുക്കളെ - ആകാശത്തിലെ നക്ഷത്രങ്ങളുടെയത്ര - അല്ലെങ്കിൽ ഭൂമിയിൽ വീഴുന്ന മഴത്തുള്ളികളുടെ അത്ര ഗോദാനങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്. അവ ലഭിച്ചവരാകട്ടെ പരമസത്യത്തെ പൂജിക്കുന്ന ബ്രാഹ്മണരും. അവർ വേദപഠനത്തിലും തപശ്ചര്യകളിലും മുഴുകിയവരുമായിരുന്നു.

ഒരിക്കൽ ഞാൻ ദാനം ചെയ്തൊരു പശു കൂട്ടം തെറ്റി, ദാനം ചെയ്യാൻ ഒരുക്കി നിർത്തിയിരുന്നവയുടെ കൂടെ വന്നു ചേർന്നു. അതിനെ ഞാൻ മനസ്സറിയാതെ വീണ്ടും ദാനം ചെയ്തു. ബ്രാഹ്മണൻ പശുക്കളുമായി പോവുമ്പോൾ മുൻപ് ആ പശുവിൻെറ ഉടമസ്ഥനായിരുന്ന ബ്രാഹ്മണൻ ഇടപെട്ട് തർക്കമായി. തർക്കം എൻെറയടുക്കലെത്തി. രണ്ടുപേരെയും സമാധാനിപ്പിക്കാൻ ഞാൻ ശ്രമിച്ചുവെങ്കിലും അതു സാധിച്ചില്ല. അപ്പോഴേക്കും യമഭടൻമാർ എന്നെ കൊണ്ടുപോവാൻ എത്തിയിരുന്നു. ഞാൻ മരിച്ചു വീണു. യമൻ ചോദിച്ചു. "നിങ്ങളുടെ സൽക്കർമ്മങ്ങളുടെ ഫലം ഇപ്പോൾ അനുഭവിക്കുന്നോ അതോ ദുഷ്കർമ്മഫലങ്ങൾ ആദ്യം സ്വീകരിക്കുന്നുവോ? നിങ്ങൾക്ക് സൽക്കർമ്മങ്ങൾ എറെയുണ്ടല്ലോ." ആദ്യം ദുഷ്കർമ്മഫലങ്ങൾ അനുഭവിച്ചു തീർക്കാമെന്ന് ഞാൻ തീരുമാനിച്ചു. അതനുസരിച്ച് യമൻ എന്നെ ഭൂമിയിലേക്ക് തിരിച്ചയച്ചു. ഓരോ ജീവി കളായി ജനിച്ചു ജീവിച്ചുവെങ്കിലും പൂർവ്വജൻമസ്മൃതികൾ എന്നിലുണ്ടായിരുന്നു. അപ്പോഴെല്ലാം ഞാൻ അവിടുത്തെ ഭക്തനുമായിരുന്നു. ഇപ്പോൾ അവിടുത്തെ ദർശനം ലഭിച്ചതിൻെറ ആനന്ദത്തിലാണു ഞാൻ."

രാജാവ് ഭഗവാനെ കുമ്പിട്ട് വണങ്ങി. അപ്പോഴേക്കും അവിടെ സമാഗതമായ ഒരാകാശനൗകയിൽ കയറി അദ്ദേഹം സ്വർഗ്ഗത്തിലേക്ക് പോയി. അവിടെ കൂടിയിരുന്നവരോടായി കൃഷ്ണൻ പറഞ്ഞു. "ബ്രാഹ്മണരോട് അനീതി കാട്ടുകയോ അവരുടെ സമ്പത്ത് അപഹരിക്കുകയോ ചെയ്യുന്നവർക്ക് ഇതൊരു പാഠമാകട്ടെ. ബ്രാഹ്മണസമ്പത്ത് തീ പോലെയാണ്. അതിനെ തെറ്റായ രീതിയിൽ കൈകാര്യം ചെയ്യുന്നവൻെറ മൂന്ന് തലമുറകൾ നശിക്കുന്നു. ബ്രാഹ്മണൻെറ സമ്പത്തിനെ അവൻെറ സമ്മതം കൂടാതെ ബലം പ്രയോഗിച്ച് കവരുന്നവൻെറ പിതൃക്കളുടെ പത്തുതലമുറകളും ഭാവിയിലെ പത്തുതലമുറകളും നാശഫലങ്ങൾ ക്കിരയാവുന്നു. ബ്രാഹ്മണസമ്പത്തിനെ മോഹിക്കുന്ന രാജാക്കൻമാർ ഭീകരങ്ങളായ നരകങ്ങളിൽ പതിക്കുന്നു. ബ്രാഹ്മണരുടെ സ്വത്തുക്കളൊന്നും എൻെറ ഖജനായിൽ വീഴാതിരിക്കട്ടെ. ഞാൻ ബ്രാഹ്മണരെ പൂജിച്ചാരാധിക്കുന്നു. നിങ്ങളും അങ്ങിനെ ചെയ്യാൻ ഞാൻ അനുശാസിക്കട്ടെ. നൃഗരാജൻെറ കഥ, ബ്രാഹ്മണസ്വത്ത് അറിഞ്ഞോ അറിയാതെയോ അപഹരിച്ച ഒരുവൻെറ വിധി എന്താണെന്നു നമ്മെ മനസ്സിലാക്കുന്നു.

എല്ലാവരും തങ്ങളുടെ കൊട്ടാരത്തിലേക്ക് മടങ്ങി.